# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.3685 | 15.05.2017-ൽ<br>മറുപടിക്ക് |

**<u>ഭൂമി രജിസ്ട്രേഷന് കുറ്റമറ്റരീതിയിലുള്ള ഓൺലൈൻ സംവിധാനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷന് ഓൺലൈനായി ഫീസ് അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നെറ്റ് ബാങ്കിങ് വഴിയോ മറ്റ് ഓൺലൈൻ സംവിധാനം വഴിയോ ഫീസ് അടച്ച് എന്തെങ്കിലും തുക നഷ്ടപ്പെട്ടിട്ടുണ്ടോ;എങ്കിൽ എത്ര തുക നഷ്ടപ്പെട്ടിട്ടുണ്ട്; | എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷന് ഓൺലൈനായി ഫീസ് അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയത് വഴി യാതൊരു തുകയും നഷ്ടപ്പെട്ടിട്ടില്ല. |
| ബി) ഇത്തരത്തിൽ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എന്തു കൊണ്ടാണ് കുറ്റമറ്റരീതിയിലുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്; | ബി) സംസ്ഥാനത്തെ 8 സബ് രജിസ്ട്രാർ ഓഫീസുകളിലായി രജിസ്ട്രേഷൻ ഫീസിനത്തിൽ നെറ്റ് ബാങ്കിംഗ് സംവിധാനം വഴി ഒടുക്കിയ 102819/- രൂപ സർക്കാർ ഖജനാവിൽ വരവ് വയ്ക്കാത്ത കാര്യം ശ്രദ്ധയിൽപ്പെടുകയും ആയതു സബ് രജിസ്ട്രാർ മുഖാന്തിരം ബന്ധപ്പെട്ട കക്ഷിയെക്കൊണ്ട് തുക ഒടുക്കിയിട്ടുള്ളതുമാണ്. ഓൺലൈൻ സംവിധാനത്തിലെ 4 മാനദണ്ഡങ്ങളിൽ രണ്ടെണ്ണം പ്രവർത്തിക്കാത്തത് കാരണമാണ് മേൽ പോരായ്മ ഉണ്ടായിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) ഈ സംവിധാനത്തിന്റെ തകരാർമൂലം സബ് രജിസ്ട്രാർമാർ ഭൂമി രജിസ്ട്രേഷൻ നടത്തുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഓൺലൈൻ സംവിധാനത്തിന്റെ അപാകത അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ഇല്ല. ഓൺലൈൻ സംവിധാനത്തിലുണ്ടായ അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**